# METRO VAARTHA

**Tag on tuna gill to plumb depths of ocean studies**

Date: **08-02-2015** | Edition: **KOCHI** | Page No: **03** | Clip size (cm) - W: **24** H: **12**

---

# കാതുകുത്തില്ല, പക്ഷേ ഈ മീനുകൾ കമ്മലിടും

കൊച്ചി: മത്സ്യത്തിനും കമ്മലിടുകയാണ് ഇൻഡ്യൻ നാഷണൽ സെന്റർ ഫോർ ഓഷ്യൻ ഇൻഫർമേഷൻ സർവീസസ് (ഇൻകോയിസ്). ആ കമ്മൽ പക്ഷേ, ഒരു തിരിച്ചറിയൽ ഉപകരണമാണ്. മത്സ്യം പോകുന്ന വഴികൾ, അവയുടെ ആവാസവ്യവസ്ഥ മുതലായവയെല്ലാം ജിപിഎസിന്റേയും ഉപഗ്രഹത്തിന്റേയും സഹായത്തോടെ മനസിലാക്കി വിവരശേഖരം തയാറാക്കുകയും അവ. മത്സ്യത്തൊഴിലാളികൾക്കും മറ്റും ലഭ്യമാക്കുകയുമാണ് പിസാറ്റ് (പോപ്പപ് സാറ്റലൈറ്റ് ആർക്കൈവ്സ് ടാഗ് ഡേറ്റ) എന്ന ഫിഷ് ടാഗിലൂടെ ഇൻകോയിസ് ചെയ്യുന്നത്.

കേരള ഫിഷറീസ് സമുദ്രപഠന സർവകലാശാലയും സ്വദേശി ശാസ്ത്രപ്രസ്ഥാനവും സംയുക്തമായി കൊച്ചിയിൽ സംഘടിപ്പിക്കുന്ന ലോക സമുദ്രശാസ്ത്ര കോൺഗ്രസിലെ ഇൻകോയിസിന്റെ സ്റ്റാളിൽ ഈ ചെറു ഉപകരണം പ്രദർശിപ്പിച്ചിട്ടുണ്ട്.

ചൂര മത്സ്യത്തിലാണ് ഈ ഉപകരണം ഇപ്പോൾ ഘടിപ്പിക്കുന്നത്. മത്സ്യത്തൊഴിലാളികളുടെ സഹായത്തോടെ പിടികൂടുന്ന മത്സ്യത്തിന്റെ ചെകിളയിൽ ഈ ടാഗ് ഘടിപ്പിക്കുകയാണ് ചെയ്യുന്നത്. 40 ഗ്രാം തൂക്കവും ആന്റിന ഉൾപ്പെടെ 12 ഇഞ്ച് നീളവുമുള്ള ഈ ടാഗ്, മത്സ്യത്തിന് യാതൊരു തരത്തിലുള്ള ബുദ്ധിമുട്ടും ഉണ്ടാക്കില്ല.

മൂന്നുമാസം ഈ മത്സ്യം സഞ്ചരിക്കുന്ന വഴികൾ നിരീക്ഷിക്കുകയും അവിടങ്ങളിലെ ആഴം, താപനില തുടങ്ങിയവ ഫിഷ് ടാഗിനുള്ളിലെ ഉപകരണങ്ങൾ രേഖപ്പെടുത്തുകയും ചെയ്യും. മൂന്നുമാസത്തിനുശേഷം ഈ ഉപകരണം മത്സ്യത്തിന്റെ ചെകിളയിൽ നിന്ന് തനിയെ വേർപെട്ട് ജലോപരിതലത്തിൽ വരുകയും വിവരങ്ങൾ ഉപഗ്രഹം വഴി ഇൻകോയിസിന്റെ മോണിട്ടറിങ് സംവിധാനത്തിൽ എത്തിക്കുകയും ചെയ്യും. അതോടെ ഉപകരണം ഉപേക്ഷിക്കപ്പെടുന്നു.

**മത്സ്യം പോകുന്ന വഴികൾ പിസാറ്റ് എന്ന കമ്മൽ ടാഗ് വഴി മനസിലാക്കാൻ കഴിയും. ചെന്നൈയിൽ നിന്ന് ടാഗ് ഘടിപ്പിച്ച ചൂര മീൻ ശ്രീലങ്ക ചുറ്റി സഞ്ചരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്.**



*മത്സ്യത്തിന്റെ ചെകിളയിൽ ഘടിപ്പിക്കുന്ന പിസാറ്റ് എന്ന ടാഗ് കൊച്ചിയിൽ നടക്കുന്ന സമുദ്ര ശാസ്ത്ര കോൺഗ്രസിൽ പരിചയപ്പെടുത്തുന്നു.*

പിസാറ്റുമായി ബന്ധപ്പെട്ട ഗവേഷണപ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നതേയുള്ളൂവെന്ന് പ്രൊജക്റ്റ് അസിസ്റ്റന്റായ റോസ് പി. ബ്രൈറ്റ്. ഗോവ, കർണാടക, തമിഴ്നാട് എന്നീ മേഖലകളിലായി 12 മത്സ്യങ്ങളിലാണ് പ്രാഥമികമായി ഈ ടാഗ് ഘടിപ്പിച്ചുവിട്ടത്. നാലെണ്ണത്തിൽ നിന്നുള്ള വിവരങ്ങൾ ലഭ്യമായി.

ചെന്നൈയിൽ നിന്ന് ടാഗ് ഘടിപ്പിച്ച ചൂര മീൻ ശ്രീലങ്ക ചുറ്റി സഞ്ചരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. 20-27 ഡിഗ്രി സെൽഷ്യസ് വരെ താപനിലയുള്ളിടത്താണ് ചൂര മീൻ സഞ്ചരിക്കുന്നതെന്നും നിശ്ചിത ആഴത്തിനപ്പുറത്തേക്ക് അവ പോകില്ലെന്നും വ്യക്തമായിട്ടുണ്ട്.

ഇരതേടി സഞ്ചരിക്കുന്ന ചൂര മീനുകളുടെ സഞ്ചാരപാത ചെറുമത്സ്യങ്ങളുടെ ആവാസകേന്ദ്രങ്ങൾ കണ്ടെത്താനുള്ള ഉപാധി കൂടിയാണ്. ചെറുമീനുകളാണ് ചൂരയുടെ ആഹാരമെന്നതിനാലാണിത്. അറ്റ്ലാന്റിക്, പസഫിക് സമുദ്രങ്ങളിൽ ചൂരമീനിന്റെ വ്യാപകമായ സാന്നിധ്യം കണ്ടെത്തിയിട്ടുണ്ടെങ്കിലും ഇന്ത്യൻ മഹാസമുദ്രത്തിൽ അത്തരം ശ്രമങ്ങൾ നടന്നിട്ടില്ല.

കയറ്റുമതി മൂല്യം ഏറ്റവുമധികം ഉള്ള മത്സ്യമാണിതെങ്കിലും മത്സ്യബന്ധന തൊഴിലാളികളും ചൂരയെ തേടി അധികം പോകാറില്ല. ഈ സാഹചര്യത്തിലാണ് ചൂര മീനിൽതന്നെ ഗവേഷണപ്രവർത്തനങ്ങൾ ആരംഭിക്കാൻ ഇൻകോയിസ് തീരുമാനിച്ചത്.

പിസാറ്റ് വഴി ലഭ്യമാകുന്ന വിവരങ്ങളും മറ്റും ശേഖരിച്ച് കൂടുതൽ പഠനങ്ങൾ നടത്തി അതിന്റെ അടിസ്ഥാനത്തിൽ മത്സ്യങ്ങൾ കൂടുതലുള്ള മേഖലകളെപ്പറ്റിയും മറ്റും മത്സ്യബന്ധനതൊഴിലാളികൾക്ക് വിവരങ്ങൾ കൈമാറുകയാണ് ഇതിന്റെ ലക്ഷ്യം. ഇതോടൊപ്പം സുനാമി സാധ്യത മുൻകൂട്ടി മനസിലാക്കുന്നതിനുള്ള സുനാമി ബോയ്യുടെ പ്രദർശനവും പ്രവർത്തനവിശദീകരണവും ഇൻകോയിസിന്റെ സ്റ്റാളിലുണ്ട്.

പഴയകാല നാടൻ മത്സ്യബന്ധന ഉപകരണങ്ങളായ ഒറ്റാൽ, കൂട, വെടിച്ചിൽ തുടങ്ങിയവയുടെ ലഘുരൂപങ്ങളും മത്സ്യ കൂട്ടുകൃഷിക്കായി ഉപയോഗിക്കുന്ന സംവിധാനങ്ങളും കേരള ഫിഷറീസ് സമുദ്രപഠന സർവകലാശാലയുടെ സ്റ്റാളിൽ പ്രദർശിപ്പിച്ചിരിക്കുന്നു. മത്സ്യകൃഷി, അലങ്കാര മത്സ്യവളർത്തൽ തുടങ്ങിയവയെപ്പറ്റിയുള്ള ശാസ്ത്രീയവിവരങ്ങളും സങ്കേതങ്ങളും വിവിധയിനം അലങ്കാരമത്സ്യങ്ങളെപ്പറ്റിയുള്ള വിവരങ്ങളുമെല്ലാം കുഫോസിന്റെ സ്റ്റാളിൽ നിന്ന് അറിയാനാകും.